# പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം 357** **29.06.2016- ൽ മറുപടിക്ക്**

**പരമ്പരാഗത കൈത്തറി തൊഴിലാളികളും സംഘങ്ങളും നേരിടുന്ന പ്രതിസന്ധി**

| ചോദ്യം<br>ശ്രീ. മഞ്ഞളാംകുഴി അലി | ഉത്തരം<br>ശ്രീ. ഇ.പി.ജയരാജൻ<br>(വ്യവസായവും കായികവും വകുപ്പ് മന്ത്രി) |
| --- | --- |
| (എ) സംസ്ഥാനത്ത് അന്യസംസ്ഥാനങ്ങളിൽ നിന്നും യന്ത്രത്തറി ഉത് പന്നങ്ങൾ, കൈത്തറി ഉത് പന്നങ്ങൾ എന്ന പേരിൽ വിറ്റഴിക്കപ്പെടുന്നുണ്ടോ; എങ്കിൽ ഇതു തടയുന്നതിന് എന്തെല്ലാം നടപടി സ്വീകരിക്കുന്നുണ്ട്; | (എ) ഉണ്ട്. ഇത് തടയുന്നതിന് "ഹാന്റ്‌ലൂം മാർക്ക്" എംബ്ലം പതിപ്പിച്ചിട്ടുള്ള ഉൽപന്നങ്ങൾ വാങ്ങുന്നതിന് വിപുലമായ പ്രചാരണം മാദ്ധ്യമങ്ങളിലൂടെ, കൈത്തറിയുടേയും ഹാന്റ്‌ലൂം മാർക്കിന്റേയും പരസ്യങ്ങൾ വഴി നൽകുന്നുണ്ട്. ഹാന്റ്‌ലൂം മാർക്കിന്റെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനായി സംഘങ്ങൾക്ക് സാമ്പത്തിക സഹായവും നൽകുന്നുണ്ട്. |
| (ബി) ഇത്തരത്തിൽ ഉപഭോക്താക്കൾ കബളിപ്പിക്കപ്പെടാതിരിക്കുന്നതിന് ഏതെങ്കിലും രീതിയിൽ വിപണിയിൽ ഇടപെടലുകൾ നടത്തുന്നുണ്ടോ; | (ബി) ഉണ്ട്. പ്രാഥമിക സഹകരണ സംഘങ്ങൾ ഉൽപാദിപ്പിക്കുന്നതും ഹാന്റക്സ്, ഹാൻവീവ് ഇവ വിൽപന നടത്തുന്നതുമായ എല്ലാ കൈത്തറി ഉൽപന്നങ്ങളിലും ഹാന്റ്‌ലൂം മാർക്ക് പതിപ്പിച്ചിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. |

(സി) പരമ്പരാഗത കൈത്തറി ഉത്പന്നങ്ങൾ തിരിച്ചറിയുന്നതിന് ഏതെങ്കിലും അടയാളങ്ങൾ നിശ്ചയിച്ച് നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇത്തരം ഉത്പന്നങ്ങൾക്ക് പ്രത്യേകം അടയാളം നിശ്ചയിച്ച് നൽകുമോ;

(സി) ഉണ്ട്. പരമ്പരാഗത കൈത്തറി ഉൽപന്നങ്ങൾ തിരിച്ചറിയുന്നതിന് ഹാന്റ്‌ലൂം മാൽക്ക് എന്ന അടയാളം നൽകിയിട്ടുണ്ട്. നിലവിൽ കൈത്തറി സംഘങ്ങൾ അവരുടെ ഉൽപന്നങ്ങളിൽ കേന്ദ്ര സർക്കാരിന്റെ ഹാന്റ്‌ലൂം മാർക്ക് പതിപ്പിച്ചാണ് വിൽപന നടത്തുന്നത്.

(ഡി) സംസ്ഥാനത്തെ പരമ്പരാഗത കൈത്തറി തൊഴിലാളികളും സംഘങ്ങളും നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

(ഡി) നടപടി സ്വീകരിച്ചു വരുന്നു. സംഘങ്ങളുടെ പ്രവർത്തനത്തിനാവശ്യമായ പശ്ചാത്തല സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും, വിപണനം മെച്ചപ്പെടുത്തുന്നതിനും, നെയ്ത്തുകാരുടെ കൂലി മെച്ചപ്പെടുത്തുന്നതിനും ക്ഷേമ പ്രവർത്തനങ്ങൾക്കുമായി പ്രൊഡക്റ്റ് ഡെവലപ്പ്മെന്റ് അസിസ്റ്റൻസ് (പി.ഡി.എ), മാർക്കറ്റിംഗ് ഇൻസെന്റീവ്, വർക്ക്ഷെഡ് നവീകരണം, ഡൈഹൗസ്,ഇൻകം സപ്പോർട്ട് സ്കീം, പ്രൊഡക്ഷൻ ഇൻസെന്റീവ്, വർക്ക്ഷെഡ് നവീകരണം, റിബേറ്റ് മുതലായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നു.

**സെക്ഷൻ ഓഫീസർ**